"ഭരണഭാഷ- മാതൃഭാഷ"

34407

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്-മലപ്പുറം പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ. സൗമ്യ പി.സി.ക്ക് കേരള സാമൂഹ്യ സുരക്ഷ മിഷന്റെ കോഴിക്കോട് ജില്ലയിലെ റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്ര സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി വകുപ്പ്**

സ.ഉ.(സാധാ) നം.100/2022/SJD തീയതി,തിരുവനന്തപുരം, 10-05-2022

---

പരാമർശം:-

1. സ.ഉ.(കൈ) നം. 56/2008/സാ.ക്ഷേ.വ. തീയതി 14/10/2008
2. സ.ഉ.(പി) നം. 45/2013/ധന. തീയതി 22/01/2013
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22/12/2021 ലെ ഇ.എ6. - 80045/9091/ആ.വ.ഡ. നമ്പർ കത്ത്.
4. കേരള സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18/02/2022-ലെ KSSM/234/2022-A1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ. സൗമ്യ പി.സി.ക്ക് കേരള സാമൂഹ്യ സുരക്ഷ മിഷന് കീഴിലെ കോഴിക്കോട് ജില്ലയിലെ റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ടിയാൾക്ക് പ്രസ്തുത തസ്തികയിൽ നിയമനം നൽകിയാൽ മാതൃവകുപ്പിൽ നിന്നും വിടുതൽ നൽകുന്നതിന് സമ്മതമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ മലപ്പുറം പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ. സൗമ്യ പി.സി.ക്ക് KS & SSR ഭാഗം II, ചട്ടം 9B, KSR Rule 144 വ്യവസ്ഥകൾ പ്രകാരവും പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും കേരള സാമൂഹ്യ സുരക്ഷാ മിഷന് കീഴിലെ കോഴിക്കോട് ജില്ലയിലെ റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുവദിയ്ക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ്

കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിലുള്ള ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക് നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതിയില്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പിന്നീട് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രേംകുമാർ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:-

1. ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
2. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
3. ഡോ. സൗമ്യ പി.സി., ജൂനിയർ കൺസൽട്ടന്റ്, പീഡിയാട്രിക്സ് വിഭാഗം, താലൂക്ക് ആശുപത്രി, പൊന്നാനി, മലപ്പുറം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ&ഇ) /ഓഡിറ്റ്), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., തിരുവനന്തപുരം
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ